നം. ജി3/6178/21/ഫാ&ബോ

'സുരക്ഷാഭവൻ'
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്
കുമാരപുരം, തിരുവനന്തപുരം -11
ഫോൺ:0471-2441597
ഇ-മെയിൽ directorate.fab@kerala.gov.in
തീയതി: 13-10-2021

## അറിയിപ്പ്

## 'സുരക്ഷാജാലകം' മാഗസിനിലേക്ക് രചനകൾ ക്ഷണിക്കുന്നു

സുരക്ഷിതത്വ ആരോഗ്യാവബോധം കൂടുതൽ തൊഴിലാളികളിലേയ്ക്കും, വിദ്യാർത്ഥികളിലേയ്ക്കും, പൊതുജനങ്ങളിലേയ്ക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ 2022-ലെ സുരക്ഷാ ദിനത്തിന് മുന്നോടിയായി 'സുരക്ഷാജാലകം' മാഗസിൻ ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. പ്രസ്തുത മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതിനായി തൊഴിലിടങ്ങളിലെ സുരക്ഷിതത്വം, ആരോഗ്യം എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ള കഥ, കവിത, ലേഖനം, കേസ് സ്റ്റഡീസ്, അനുഭവക്കുറിപ്പുകൾ, നൂതന സാങ്കേതിക വിവരങ്ങൾ, രാസ വസ്തുക്കളെ കുറിച്ചുള്ള വിവരങ്ങൾ, പ്രഥമ ശുശ്രൂഷ/ സുരക്ഷാ മുൻകരുതലുകൾ (Tips), കാർട്ടൂണുകൾ/ചിത്രരചനകൾ എന്നിവ വകുപ്പിലെ ജീവനക്കാരിൽ നിന്നും ഫാക്ടറി ജീവനക്കാരിൽ നിന്നും ക്ഷണിച്ച് കൊള്ളുന്നു. സാങ്കേതികമായ രചനകൾ ഒഴികെയുള്ളവ മലയാളത്തിൽ ആയിരിക്കേണ്ടതും രചനകൾ 5 പുറത്തിൽ കവിയാത്തതുമായിരിക്കണം. കൂടാതെ മാഗസിന് അനുയോജ്യമായ ലോഗോ തയ്യാറാക്കി സമർപ്പിക്കാവുന്നതുമാണ്. രചനകളോടൊപ്പം രചയിതാവിന്റെ പേര്, തസ്തിക, ഓഫീസ് വിലാസം, മൊബൈൽ നമ്പർ, ഫോട്ടോ എന്നിവ സോഫ്റ്റ് കോപ്പിയായി മാത്രം സമർപ്പിക്കേണ്ടതാണ്.

**എൻട്രികൾ ലഭ്യമാക്കേണ്ട ഇ-മെയിൽ വിലാസം** surakshajalakam@gmail.com

**എൻട്രികൾ ലഭ്യമാക്കേണ്ട അവസാന തീയതി** 20-11-2021

പ്രസ്തുത മാഗസിൻ വിവിധ ഫാക്ടറികളിലും വകുപ്പുകളിലും ഒക്കുപ്പേഷണൽ സേഫ്റ്റി ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്(OTI) മുഖേനയുള്ള പരിശീലന പരിപാടികളിലും വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. സുരക്ഷയുമായി ബന്ധപ്പെട്ട നിങ്ങൾക്കുള്ള വിലയേറിയ അറിവുകളും ആശയങ്ങളും 'സുരക്ഷാജാലകം' മാഗസിനിലൂടെ മറ്റുള്ളവർക്ക് പകർന്നു നൽകുന്നതിനായി ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

പകർപ്പ്: വെബ്സൈറ്റ്